# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2146 — 08.03.2018- ൽ മറുപടിയ്ക്ക്

## സഹകരണ സ്ഥാപനങ്ങൾക്ക വന്നിട്ടുള്ള ധനനഷ്ടം

| ചോദ്യം | | മറുപടി |
| --- | --- | --- |
| **ശ്രീ. പി.കെ.ശശി** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ചില സഹകരണ സ്ഥാപനങ്ങളിൽ ജീവനക്കാർ ക്രമക്കേടും അഴിമതിയും പണാപഹരണമുൾപ്പെടെയുള്ള തട്ടിപ്പുകൾ നടത്തുന്നതും അതിന്റെ ഭാഗമാകുന്നതും ശ്രദ്ധയിൽപ്പെട്ടുവോയെന്ന് വിശദമാക്കുമോ; | (എ) | ചില സഹകരണ സ്ഥാപനങ്ങളിൽ ജീവനക്കാർ ക്രമക്കേടും അഴിമതിയും പണാപഹരണവുമുൾപ്പെടെയുള്ള തട്ടിപ്പുകൾ നടത്തുന്നതും അതിന്റെ ഭാഗമാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുറ്റക്കാരായ ജീവനക്കാർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) പ്രസ്തുത തട്ടിപ്പുകൾ കണ്ടെത്തി തടയുവാനും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനുമായി ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) | സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണവും വകുപ്പ് 66 പ്രകാരമുള്ള പരിശോധനയും വകുപ്പ് 68(2) പ്രകാരം നഷ്ടപ്പെട്ട തുക ഈടാക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ കുറ്റക്കാർക്കെതിരെ സഹകരണ നിയമ പ്രകാരമുള്ള ശിക്ഷണ നടപടിയും സ്വീകരിച്ചു വരുന്നു. |
| (സി) ഈ സർക്കാർ കാലയളവിൽ ഇത്തരത്തിലുള്ള കൃത്യവിലോപം കാണിച്ച എത്ര ഉദ്യോഗസ്ഥരെ കണ്ടെത്തിയെന്നും എന്തു നടപടികൾ സ്വീകരിച്ചുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (സി) | ഈ സർക്കാർ കാലയളവിൽ ഇത്തരത്തിൽ കൃത്യവിലോപം കാണിച്ച 118 ഉദ്യോഗസ്ഥരെ കണ്ടെത്തിയിട്ടുണ്ട്. അതിൽ 64 പേരെ സസ്പെൻഡ് ചെയ്യുകയും 11 പേരെ ഡിസ്മിസ് ചെയ്യുകയും 19 പേർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുകയും 3 പേരെ തരംതാഴ്ത്തുകയും ചെയ്തിട്ടുണ്ട്. |
| (ഡി) പ്രസ്തുത അന്വേഷണങ്ങളിലൂടെ സഹകരണ സ്ഥാപനങ്ങൾക്ക വന്നിട്ടുള്ള ധനനഷ്ടം എത്രയെന്നും വ്യക്തമാക്കുമോ? | (ഡി) | പ്രസ്തുത അന്വേഷണങ്ങളിലൂടെ സഹകരണ സ്ഥാപനങ്ങൾക്ക് ഏകദേശം 681,199,157/- രൂപയുടെ ധന നഷ്ടം ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ